# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 289 — 08.06.2015-ൽ മറുപടിയ്ക്ക്

## കാവും കുളവും സംരക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

എ) കാവും കുളവും സംരക്ഷണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ എത്ര പ്രവർത്തി കളാണ് ഏറ്റെടുത്ത് നടപ്പിലാക്കു ന്നത് എന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

എ) കാവുകളും കുളങ്ങളും സംരക്ഷണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ വനംവകുപ്പ് പദ്ധതികളൊന്നും ഏറ്റെടുത്ത് നടത്തുന്നില്ല. എന്നാൽ കാവ് സംരക്ഷണ പദ്ധതി പ്രകാരം കാവുകളുടെയും കാവുകളിൽ സ്ഥിതിചെയ്യുന്ന കുളങ്ങളുടെയും സംരക്ഷണത്തിനായി ധനസഹായം വനംവകുപ്പ് നൽകുന്നുണ്ട്. 2014-15 വർഷത്തിൽ ടി ആവശ്യത്തിനായി ആലപ്പുഴ ജില്ലയിൽ 29 കാവുകൾക്ക് (പുതിയതായി തിരഞ്ഞെടുത്തതും മുൻ വർഷങ്ങളിൽ ദീർഘകാല സംരക്ഷണത്തിന് തെരഞ്ഞെടുത്ത തുമായ) ധനസഹായം നൽകിയിട്ടുണ്ട്. ആയത് നിയോജക മണ്ഡലാടിസ്ഥാന ത്തിൽ ചുവടെ ചേർക്കുന്നു

| ക്രമ നം | നിയോജക മണ്ഡലം | ധനസഹായം നൽകിയ കാവുകളുടെ എണ്ണം (2014-15) |
|---|---|---|
| 1 | ചേർത്തല | 7 |
| 2 | ചെങ്ങന്നൂർ | 4 |
| 3 | ഹരിപ്പാട് | 6 |
| 4 | ആലപ്പുഴ | 4 |
| 5 | മാവേലിക്കര | 3 |
| 6 | കായംകുളം | 2 |
| 7 | അരൂർ | 3 |
| | ആകെ | 29 |

ണി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തു ന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ?

ണി) 12.09.2013 ലെ ജി.ഒ. (ആർ.റ്റി) 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത സംസ്ഥാന തല വിദഗ്ദ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതി യുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുകയും. തെരഞ്ഞെടു ക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോ പ്ലാനിന്റെ അംഗീകാരത്തിന് വിധേയ മായിട്ടുമാണ് ധനസഹായം നൽകി വരുന്നത്. കാവുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

1) കാവുകളിലെ സസ്യജന്തു വൈവിദ്ധ്യം തിട്ടപ്പെടുത്തുക.

2) കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വാഭാവിക സസ്യ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക. കള നിർമാർജ്ജനം ചെയ്യുക. ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

3) സംരക്ഷണത്തിനായി കാവിന് ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.

4) കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക

സെക്ഷൻ ഓഫീസർ